REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 14-08-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **എൺപതാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാജ്യത്തെ അഭിസംബോധന ചെയ്യും.**
- **'മൈ പൊലീസ് സ്റ്റേഷൻ' പദ്ധതിക്ക് ഇന്ന് സംസ്ഥാനത്ത് തുടക്കമാകും.**
- **ഡോക്ടർമാർക്ക് സ്ഥാനക്കയറ്റം നൽകാൻ ആരോഗ്യവകുപ്പിൽ പ്രത്യേക HR സെൽ പ്രവർത്തനം ആരംഭിച്ചതായി മന്ത്രി കെ.മുരളീധരൻ.**
- **ഓണക്കാലത്ത് റേഷൻ അരി വിഹിതം കുറച്ചെന്ന പ്രചാരണം അടിസ്ഥാന രഹിതമെന്ന് മന്ത്രി അനൂപ് ജേക്കബ്.**
- **കനേഡിയൻ ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീടം പോളണ്ടിന്റെ ഇഗ സ്വിയാടെക്കിന്.**

## വാർത്തകൾ വിശദമായി

എൺപതാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാജ്യത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെ മുഴുവൻ ദേശീയ ശൃംഖലയിലും രാഷ്ട്രപതിയുടെ പ്രസംഗം വൈകിട്ട് ഏഴിന് പ്രക്ഷേപണം ചെയ്യും. ദൂരദർശന്റെ എല്ലാ ചാനലുകളിലും ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലും പ്രസംഗം സംപ്രേഷണം ചെയ്യും.രാത്രി 9.30 നു ആകാശവാണി പ്രദേശിക നെറ്റ്‌വർക്കുകളിലൂടെ രാഷ്ട്രപതിയുടെ പ്രസംഗത്തിന്റെ പരിഭാഷ കേൾക്കാം.

✪✪✪

കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ജനങ്ങൾക്ക് ആശംസ നേർന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിലെ പൗരന്മാരെന്ന നിലയിൽ, മുൻതലമുറ നൽകിയ സ്വാതന്ത്ര്യവും സമത്വവും ഐക്യവും കാത്തു സൂക്ഷിക്കണമെന്നും, പൗരന്റെ അന്തസ്സും നീതിയും ഉറപ്പാക്കുന്ന ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കേണ്ടത് പവിത്രമായ കടമയാണെന്നും ഗവർണർ പറഞ്ഞു.

✪✪✪

ഇന്ന് വിഭജന ദിനം. 1947-ൽ രാജ്യം വിഭജിച്ച കാലത്ത് ജീവൻ വെടിയേണ്ടി വന്നവർക്കും ദുരിതങ്ങൾ അനുഭവിക്കേണ്ടി വന്നവർക്കും രാജ്യം ഇന്ന് ആദരാഞ്ജലികൾ അർപ്പിക്കും. 2021-ലാണ് ഓഗസ്റ്റ് 14 വിഭജന ഭീകരതയുടെ ഓർമ്മദിനമായി ആചരിക്കാൻ കേന്ദ്രഗവണ്മെന്റ് തീരുമാനിച്ചത്. മനുഷ്യചരിത്രത്തിലെ തന്നെ ഏറ്റവും വലിയ പലായനങ്ങളിലൊന്നിന് വഴിവെച്ച ഇന്ത്യാ വിഭജനം ഏകദേശം രണ്ട് കോടി ജനങ്ങളെയാണ് ബാധിച്ചത്.

ഇന്നലെ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ചടങ്ങിൽ കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് വിഭജന കാലത്തെ ക്രൂരതകൾക്ക് ഇരയായവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

✪✪✪

നീതിന്യായ വ്യവസ്ഥയിൽ സുതാര്യത ഉറപ്പാക്കാൻ സുപ്രീംകോടതി പ്രതിജ്ഞാബദ്ധമാണെന്നും നടപടിക്രമങ്ങളുടെ തത്സമയ സംപ്രേഷണം ഈ പ്രതിബദ്ധതയുടെ ഉദാഹരണമാണെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് പറഞ്ഞു. എന്നാൽ തത്സമയ സംപ്രേഷണം ചിലപ്പോഴൊക്കെ ദുരുപയോഗം ചെയ്യുന്നത് നിർഭാഗ്യകരമാണെന്ന് ദൂരദർശന് നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. ജഡ്ജിമാർ നടത്തുന്ന അഭിപ്രായങ്ങൾ സന്ദർഭത്തിൽ നിന്ന് മാറ്റി അവതരിപ്പിക്കുന്ന സംഭവങ്ങൾ കോടതിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും സൂര്യകാന്ത് പറഞ്ഞു. ക്ലിപ്പുകൾ എഡിറ്റ് ചെയ്ത് ചിലർ സാമൂഹിക മാധ്യമങ്ങളിൽ ദുരുപയോഗം ചെയ്യുന്നതായി ചീഫ് ജസ്റ്റിസ് അറിയിച്ചു. രാജ്യത്തെ യുവാക്കളെ തെറ്റിദ്ധരിപ്പിക്കാൻ തന്റെ അഭിപ്രായങ്ങളെ തെറ്റായി ചിത്രീകരിച്ചതായും സൂര്യകാന്ത് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ജനസൗഹൃദ പൊലീസ് സംവിധാനത്തിന് പുതിയ മുഖം നൽകുന്ന ‘മൈ പൊലീസ് സ്റ്റേഷൻ’ പദ്ധതിക്ക് ഇന്ന് തുടക്കമാകും. പദ്ധതിയുടെ സംസ്ഥാനതല പരിപാടി മുഖ്യമന്ത്രി വി.ഡി. സതീശൻ രാവിലെ പേരൂർക്കട പൊലീസ് സ്റ്റേഷനിൽ ഉദ്ഘാടനം ചെയ്യും. മന്ത്രി രമേശ്

ചെന്നിത്തല അധ്യക്ഷനാകും. 'മൈ പൊലീസ് സ്റ്റേഷൻ' ലോഗോയും മുഖ്യമന്ത്രി പ്രകാശനം ചെയ്യും.

✪✪✪

AICC പ്രസിഡന്റും രാജ്യസഭാ പ്രതിപക്ഷ നേതാവുമായ മല്ലികാർജുൻ ഖാർഗെ പങ്കെടുത്ത വേദിയിൽ ബി.ജെ.പി പ്രവർത്തകർ 'ഹോമം' നടത്തി ശുദ്ധീകരണം നടത്തിയ സംഭവം അങ്ങേയറ്റം ലജ്ജാകരവുമാണെന്ന് മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു.

ഉത്തരാഖണ്ഡിലെ ഹൽദ്വാനിയിലെ ഈ സംഭവം ജനാധിപത്യ മൂല്യങ്ങളുടെയും ഭരണഘടന ഉറപ്പുനൽകുന്ന സമത്വത്തിന്റെയും പരസ്യമായ ലംഘനമാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

ഉത്തർപ്രദേശിലെ ഹൽദ്വാനിയിൽ AICC പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെ പങ്കെടുത്ത വേദിയിൽ BJP പ്രവർത്തകർ ഗംഗാജലം തളിച്ച സംഭവത്തിൽ സംസ്ഥാന വ്യാപകമായി ഇന്ന് പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുമെന്ന് KPCC അറിയിച്ചു. വൈകിട്ട് സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഡി.സി.സി.കളുടെ നേതൃത്വത്തിൽ പ്രതിഷേധ മാർച്ച് സംഘടിപ്പിക്കും. തുടർന്ന് മഹാത്മാഗാന്ധിയുടെയോ ഡോ. ബി.ആർ. അംബേദ്കറുടെയോ പ്രതിമയ്ക്ക് മുന്നിൽ  പ്രതിഷേധ സത്യഗ്രഹം നടത്തും.

✪✪✪

ഡോക്ടർമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കി യഥാസമയം സ്ഥാനക്കയറ്റം നൽകാൻ ആരോഗ്യവകുപ്പിൽ പ്രത്യേക HR സെൽ പ്രവർത്തനം ആരംഭിച്ചതായി മന്ത്രി കെ.മുരളീധരൻ അറിയിച്ചു. സ്ഥാനക്കയറ്റം നൽകാത്തതിനാൽ ഒഴിവുകൾ കൃത്യമായി നികത്താൻ സാധിക്കാത്ത സ്ഥിതിയാണെന്നും  ഡോക്ടർമാരുടെ കുറവുമൂലം ജനങ്ങൾക്കും ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും ഈ സാഹചര്യത്തിലാണ് പ്രത്യേക സെൽ രൂപീകരിക്കാൻ തീരുമാനിച്ചതെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഓണക്കാലത്ത് റേഷൻ അരി വിഹിതം കുറച്ച് അരി വില കൂട്ടിയെന്ന പ്രചാരണം അടിസ്ഥാന രഹിതമാണെന്ന്  മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. അരി വില 10 രൂപ 90 പൈസയിൽ നിന്ന് 36 രൂപയായി വർധിപ്പിച്ചുവെന്ന വാദം തെറ്റാണെന്നും അരിവിഹിതം കുറച്ചിട്ടില്ലെന്നും മന്ത്രി അറിയിച്ചു. സപ്ലൈകോയിൽ ഒരോ കാർഡിനും 36 കിലോ അരി ലഭ്യമാക്കിയിട്ടുണ്ടെന്നും അനൂപ് ജേക്കബ് വ്യക്തമാക്കി.

✪✪✪

സപ്ലൈകോയെ സ്വയം പര്യാപ്തമാക്കുന്ന നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. സപ്ലൈകോ തിരുവനന്തപുരം ജില്ലാ ഓണം മെഗാ ട്രേഡ് ഫെയർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സപ്ലൈകോ വില്പനശാലകളിലെ പരസ്യ വരുമാനം, പെട്രോളിയം ഉത്പന്നങ്ങളുടെ വിപണനം തുടങ്ങി മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

✪✪✪

മത്സ്യത്തൊഴിലാളികളുടെ കടൽസുരക്ഷ കൂടുതൽ ശക്തിപ്പെടുത്താൻ അത്യാധുനിക സംവിധാനങ്ങളോടെ ആകാശ ഡ്രോണുകളും അണ്ടർവാട്ടർ ഡ്രോണുകളും ഉപയോഗിക്കുന്നതിന്റെ സാധ്യതകൾ വിഴിഞ്ഞം തുറമുഖത്ത് പരിശോധിച്ചു.

മന്ത്രി VE അബ്ദുൽ ഗഫൂറിന്റെ നേതൃത്വത്തിലായിരുന്നു സാധ്യതാ പഠനം. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ വേഗത്തിൽ കണ്ടെത്താനും രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും കടലിലെ സാഹചര്യങ്ങൾ നിരീക്ഷിക്കാനും ഡ്രോൺ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന്റെ സാധ്യതകളാണ് പരിശോധിച്ചത്.

✪✪✪

എൺപതാം സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഏഴിമല ഇന്ത്യൻ നാവിക അക്കാദമി കണ്ണൂർ താഴെചൊവ്വയിൽ അവതരിപ്പിച്ച ബാൻഡ് മേളം ശ്രദ്ധേയമായി.

ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ

.........വോയ്സ്.........

START WITH BAND

താഴെചൊവ്വയിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിലായിരുന്നു ബാൻഡ്. ദേശീയ തുളുമ്പുന്ന ഗാനങ്ങൾ പാടിയും ബാൻഡിലൂടെ അവതരിപ്പിച്ചും നേവി മ്യൂസിക ബാൻഡ് അംഗങ്ങൾ കാഴ്ചക്കാരുടെ കൈയ്യടി നേടി. മാസ്റ്റർ പെറ്റി ഓഫീസർ ആന്റണി രാജിന്റെ നേതൃത്വത്തിൽ 30 പേരടങ്ങുന്ന സംഘമാണ് പങ്കെടുത്തത്. വന്ദേ മാതരം ബാൻഡിലൂടെ അവതരിപ്പിച്ച് തുടങ്ങിയ പരാപാടിയിൽ ദേശഭക്തി ദാനങ്ങളും ചില സിനിമാ ഗാനങ്ങളും ഉണ്ടായി. കൂടെ പ്രേക്ഷകരെ പങ്കെടുപ്പിച്ച് കൊണ്ട് ചോദ്യോത്തര പരിപാടിയുമുണ്ടായി. നാവിക അക്കാദമിയിലെ സയന്റിഫിക്ക് ഓഫീസർമാരായ ശ്രീകാന്ത്, റിതുൽ മോഹൻ

എന്നിവരും സംബന്ധിച്ചു. കണ്ണൂരിന് പുറമെ ഏറണാകുളം, ഫോർട്ട് കൊച്ചി എന്നിവിടങ്ങളിലും ബാൻഡ്മേളം അരങ്ങേറി.

CLOSED WITH BAND

✪✪✪

സംസ്ഥാനത്ത് ഇന്ന് ചിലയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

✪✪✪

രാജ്യത്തെ സ്ഥിതിവിവരക്കണക്ക് വിശകലനവും ഡാറ്റാ അധിഷ്ഠിത നയരൂപീകരണവും കൂടുതൽ കൃത്യവും കാര്യക്ഷമവുമാക്കാൻ കേന്ദ്ര സ്ഥിതിവിവരക്കണക്ക്, പദ്ധതി നടത്തിപ്പ് മന്ത്രാലയവും കാലിക്കറ്റ് NIT യും ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

കൂടുതൽ വിവരങ്ങളുമായി കോഴിക്കോട്ട് നിന്ന് നസീർബാബു..

..........വോയ്സ്........

✪✪✪

ടൊറന്റോയിൽ, കനേഡിയൻ ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീടം പോളണ്ടിന്റെ ഇഗ സ്വിയാടെക്കിന്. കസാഖ്സ്ഥാന്റെ എലീന റൈബാക്കിനയെയാണ് തോൽപ്പിച്ചത്.

മോൺട്രിയലിൽ പുരുഷ സിംഗിൾസിൽ, നിലവിലെ ചാമ്പ്യനായ ബെൻ ഷെൽട്ടൺ ബ്രാൻഡൻ നകാഷിമയെ നേരിടുകയാണ്. ഇരുവരും അമേരിക്കൻ താരങ്ങളാണ്.

✪✪✪

FIBA അണ്ടർ-18 ഏഷ്യൻ പുരുഷ ബാസ്ക്കറ്റ്ബോൾ കപ്പ് ടൂർണമെന്റിന് ഗുജറാത്തിലെ അഹമ്മദാബാദിൽ തുടക്കമായി. വീർ സവർക്കർ സ്പോർട്സ് കോംപ്ലക്സിൽ ആദ്യ ദിവസം ഓസ്ട്രേലിയ തായ്‌ലൻഡിനെയും, ഫിലിപ്പീൻസ് ചൈനീസ് തായ്പേയിയെയും, ന്യൂസിലൻഡ് സിറിയയെയും, ബഹറൈൻ ലെബനനെയും തോൽപ്പിച്ചു.

ഇന്ത്യ ഇന്ന് ആദ്യ മത്സരത്തിൽ ജപ്പാനെ നേരിടും.

✪✪✪

ഓണത്തെ വരവേൽക്കാൻ മുൻവർഷങ്ങളേക്കാൾ വിപുലമായി ഒരുക്കങ്ങൾ ഗവണ്മെന്റ് നടത്തിയിട്ടുണ്ടെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. സപ്ലൈകോ ഓണം മേളയുടെ കോട്ടയം ജില്ലാതല പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രളയബാധിതരെക്കൂടി ചേർത്തുനിർത്തിയായിരിക്കും ഓണാഘോഷമെന്നും ഓണക്കാലത്തെ വിലക്കയറ്റം തടയാൻ സപ്ലൈകോയുടെ പ്രവർത്തനങ്ങളിലൂടെ കഴിയുന്നുണ്ടെന്നും സ്പീക്കർ പറഞ്ഞു.

✪✪✪

KPCC-യുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സ്വാതന്ത്ര്യദിനാഘോഷം സംഘടിപ്പിക്കുമെന്ന് KPCC സംഘടനാ ജനറൽ സെക്രട്ടറി നെയ്യാറ്റിൻകര സനൽ അറിയിച്ചു.

നാളെ രാവിലെ മന്ത്രി രമേശ് ചെന്നിത്തല ദേശീയപതാക ഉയർത്തും. രാഷ്ട്രീയകാര്യ സമിതി അംഗങ്ങൾ, KPCC ഭാരവാഹികൾ, ഡി.സി.സി. ഭാരവാഹികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

DCC- കളുടെയും ബ്ലോക്ക്, മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെയും നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുമെന്നും നെയ്യാറ്റിൻകര സനൽ പറഞ്ഞു.

✪✪✪

മന്ത്രി കെ എം ഷാജി കാസർകോട് ജില്ലയിൽ ഇന്ന് വിവിധ പരിപാടികളിൽ പങ്കെടുക്കും. രാവിലെ കുമ്പള പഞ്ചായത്ത് ടേക്ക് എ ബ്രേക് ഉദ്ഘാടനം ചെയ്യുന്ന മന്ത്രി ഉക്കി നടുക്ക കാസർകോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് സന്ദർശിക്കും.

ഉച്ചയ്ക്കുശേഷം കളനാട്ടിലും പച്ചമ്പള്ളയിലും തുടർന്ന് അതിഞ്ഞാലിലും മന്ത്രി പരിപാടികളിൽ പങ്കെടുക്കും.

✪✪✪

സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഘടിപ്പിക്കുന്ന കാസർഗോഡ്ജില്ലാ ഓണം ഫെയർ വൈകീട്ട് നീലേശ്വരം ബസാർ, തെരു ജംഗ്ഷനിൽ രാജ്മോഹൻ ഉണ്ണിത്താൻ എം.പി ഉദ്ഘാടനം ചെയ്യും. സന്ദീപ് വാര്യർ എം.എൽ.എ അധ്യക്ഷനാകും.

✪✪✪

ബി.ജെ.പി. കണ്ണൂർ നോർത്ത് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് കണ്ണൂരിൽ തിരംഗ യാത്ര സംഘടിപ്പിക്കും. വൈകിട്ട് സ്റ്റേഡിയം കോർണറിൽ വിഭജന ഭീകര സ്മൃതി ദിന സദസ്സ് ബി ബി ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*News Team: നിമിഷ ജി, സാലിം*
*DEO: സി കെ സുബോധ്*